# സ്വസ്ഥത സ്വപ്നം കാണുന്നവരോട്

عَنْ أَبِي ذَرٍّ رَضِي الله عنه قَالَ : قَالَ لِي رَسولُ الله ﷺ :يَا أَبَا ذَرٍّ أَتَرَى كَثْرَةَ المَالِ هُوَ الغِنَى؟ قُلْتُ: نَعَمْ يَا رَسُولَ الله، قَالَ: أَفَتَرى قِلَّةَ المَالِ هُوَ الفَقْرُ؟ قُلْتُ: نَعَمْ يَا رَسُولَ الله، قَالَ: إِنَّمَا الْغِنَى غِنَى الْقَلْبِ ، وَالْفَقْرُ فَقْرُ القلب وَمَنْ كَانَ الْغِنَى فِي قَلْبِهِ فَلا يَضُرُّهُ مَالَقِيَ مِنَ ا لدُّنَيَا، وَمَنْ كَانَ الفَقْرُ فِي قَلْبِهِ فَلاَ يُغْنِيهِ مَا أَكْثَرَ مِنَ الدُّنْيَا وَإِنَّمَا يَضُرُّ نَفْسَهُ شُحُّهَا

**അബൂദർറി(റ)ൽ നിന്ന് നിവേദനം: പ്രവാചകൻ(സ) എന്നോട് പറഞ്ഞു: "ഹേ, അബൂദർറ്, സമ്പത്തിന്റെ ആധിക്യത്തെയാണോ താങ്കൾ ഐശ്വര്യമായി കരുതുന്നത്?" ഞാൻ പറഞ്ഞു: "അതെ പ്രവാചകരേ" പ്രവാചകൻ പറഞ്ഞു: "സമ്പത്തിന്റെ കുറവിനെയാണോ താങ്കൾ ദാരിദ്ര്യമായി കാണുന്നത്?" ഞാൻ പറഞ്ഞു: "അതെ." അപ്പോൾ പ്രവാചകൻ പറഞ്ഞു: "ഐശ്വര്യമെന്നാൽ അത് ഹൃദയത്തിന്റെ ഐശ്വര്യമാണ്. ദാരിദ്ര്യമോ അത് ഹൃദയത്തിന്റെ ദാരിദ്ര്യവും. ഹൃദയത്തിൽ ഐശ്വര്യം കുടികൊള്ളുന്നവനെ ദുൻയാവിലെ യാതൊന്നും ഒരു ബുദ്ധിമുട്ടും ഏൽപിക്കുകയില്ല. ഹൃദയത്തിൽ ദാരിദ്ര്യം കുടികൊള്ളുന്നവനാകട്ടെ, ദുൻയാവിനേക്കാൾ വലിപ്പമുള്ള കാര്യങ്ങൾ പോലും അവനെ തൃപ്തനാക്കാൻ കഴിയില്ല. അവന്റെ ആത്മാവിനെ ഞെരുക്കുന്നത് അതിന്റെ കുടുസ്സതയാണ്"** (ഇബ്നുഹിബ്ബാൻ).

**ജീവിത** വിഭവം കൈക്കലാക്കി ദുൻയാവ് മുഴുവൻ വെട്ടിപ്പിടിച്ചടക്കിയവർക്ക് പോലും മൺകുടിലുറങ്ങുന്നവന്റെ സ്വസ്ഥത ലഭിക്കാത്ത അവസ്ഥയെ ഈ ഹദീസ് അനാവരണം ചെയ്യുന്നു.

ഇമാം ശാഫിഈ(റ)യുടെ ഒരു കവിതാശകലം പറയുന്നത് ഈ കാര്യത്തെക്കുറിച്ചാണ്: "ആഗ്രഹങ്ങളുമായി നടക്കുന്നേടത്തോളം സ്വതന്ത്രൻ അടിമയാണ്. സംതൃപ്തനാകുന്നേടത്തോളം അടിമ സ്വതന്ത്രനുമാണ്." സ്വാതന്ത്ര്യവും അടിമത്തവും നിർണയിക്കപ്പെടുന്നതു പോലും മനുഷ്യന്റെ സംതൃപ്തിയെ ആസ്പദിച്ചു തന്നെ.

ഐഹിക വിഭവങ്ങളിൽ സുഖം കാണുന്നവരുടെ സംതൃപ്തിയും മറ്റും അവയുടെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കും. സ്ഥായിയായ സംതൃപ്തി അവർക്ക് കൈയ്യെത്താ ദൂരത്തായി അവശേഷിക്കും. ദുൻയാവിനെ കൃത്യമായി മനസ്സിലാക്കിയവന് മാത്രമേ ഇവയുടെ ക്ഷണികതയും നൈമിഷികതയും ബോധ്യപ്പെടുകയുള്ളൂ. അവർക്ക് ദുൻയാവിനെ വേണ്ട രൂപത്തിൽ കൈകാര്യം ചെയ്യാനും കഴിയില്ല.

കോടികൾ ആസ്തിയുള്ളവർ പോലും ടെൻഷനിലാണ്. തന്റെ വരുമാനത്തെക്കുറിച്ചും ബിസിനസ്സിനെക്കുറിച്ചും തന്നെ ഈ തലപുകച്ചിൽ. ലോകത്തിലെ ഏറ്റവും വലിയ സമ്പന്നൻ പോലും ആശങ്കയിലാണ്, തന്റെ നാളെയെക്കുറിച്ച്. ജീവിത വിഭവം കൈവിട്ട് പോകുമോ എന്ന ആശങ്കയിൽ.

സംതൃപ്തമായ അവസ്ഥയിൽ ദൈവത്തിലേക്ക് മടങ്ങുന്ന ആത്മാവിനെക്കുറിച്ച പരാമർശം ഖുർആനിലുണ്ട്. "ഹേ, സമാധാനം പ്രാപിച്ച ആത്മാവേ!" എന്ന്. സമാധാനത്തോടെ ആരാണ് മരിക്കുന്നത്, സംതൃപ്തിയോടെ എത്രപേർ കണ്ണടക്കുന്നു, പ്രയാസരഹിതമായ മരണം എത്രപേർക്ക് സാധ്യമാകുന്നു?

കുടിക്കാനും ഉണ്ണാനും ഉടുക്കാനും വേണ്ടിയല്ല മനുഷ്യന് സമ്പത്തെന്ന് തോന്നിപ്പോകുന്നു. സൂക്ഷിച്ച് വെക്കാൻ കൂടിയാണെന്ന് വരുമ്പോൾ എത്ര നാളേക്കെന്നും എത്ര തലമുറകൾക്കെന്നും കൂടിയുള്ള ചോദ്യങ്ങൾ തുടർന്ന് വരുന്നു.

ദുൻയാവിനെക്കുറിച്ച് പ്രവാചകൻ സ്വഹാബികൾക്ക് പഠിപ്പിച്ചു കൊടുത്ത കാഴ്ച്ചപ്പാടിതാ: "ആരെങ്കിലും സ്വന്തം കുടിലിൽ നിർഭയനായി കഴിച്ചുക്കൂട്ടിയാൽ, സ്വശരീരത്തിൽ ആരോഗ്യമുള്ളവനായി തുടർന്നാൽ, തന്റെ ഒരു ദിവസത്തെ ഭക്ഷണമെങ്കിലും ലഭിച്ചാൽ അവൻ ദുൻയാവ് മുഴുവൻ തീറെഴുതി കൊടുക്കപ്പെട്ടവന് സമമാണ്."

കൈവശമുള്ള സമ്പാദ്യം കൊണ്ട് തന്നെ ഐശ്വര്യപൂർണമായ ജീവിതം മനുഷ്യന് സാധ്യമാകേണ്ടതില്ലേ? ഇല്ലാത്തതിനെക്കുറിച്ച് വേവലാതിപ്പെടുന്നതിനേക്കാൾ എത്രയോ ഭേദമാണ് ഉള്ളതിൽ തൃപ്തിപ്പെടാൻ ശീലിക്കുന്നത്. നാളെയെക്കുറിച്ച് ആകുലപ്പെടാതെ 'ഇന്നി'ൽ തന്നെ സമാധാനപൂർണമായി ജീവിക്കാൻ ദുൻയാവിനെക്കുറിച്ച കാഴ്ചപ്പാട് തന്നെ മാറ്റിപ്പണിയുകയേ നിവൃത്തിയുള്ളൂ. ■